**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 388** **23-08-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി സുസ്ഥിര നഗര പുനർ നിർമാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതി എന്താണ് എന്ന് വിശദീകരിക്കുമോ; | (എ) | 'കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി" എന്ന് പേരിട്ടിരിക്കുന്ന പദ്ധതി, ആസൂത്രണം ചെയ്യാത്ത നഗരപ്രദേശങ്ങളുടെ ഒരു പ്രദേശം ശാസ്ത്രീയമായും ഭൂമി പുനർക്രമീകരണത്തിലൂടെയും വികസിപ്പിച്ചെടുക്കാനുദ്ദേശിച്ചുള്ളതാണ്. സർക്കാർ 15.08.2022 ന പുറപ്പെടുവിച്ച സ ഉ (എംഎസ്) നം.186/2022/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് വേണ്ടി കായൽ നികത്തി കരയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കുഭാഗത്തു മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല, പച്ചാളം പ്രദേശം കായലുകൾക്ക് കുറുകെയും പടിഞ്ഞാറ് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾ Coastal Regulation Zone Notification 2019 ന വിധേയമായും 20,000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കെട്ടിട നിർമാണ പദ്ധതികൾക്ക് State Environment Impact Assessment Authority (SEIAA) യുടെ മുൻകൂർ അനുമതി നേടിയതിനു ശേഷവും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ഒരു ജനറൽ ബോഡിയുടേയും പ്രോജക്റ്റ് ഇമ്പ്ലിമെന്റേഷൻ കമ്മിറ്റിയുടേയും രൂപീകരണം മാത്രമേ നടത്തിയിട്ടുള്ളൂ. |
| (സി) | പുനർക്രമീകരിക്കുന്ന ഭൂമി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കുഭാഗത്തു മറൈൻ ഡ്രൈവ്, |

| | | | |
|---|---|---|---|
| | | | മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല, പച്ചാളം പ്രദേശം കായലുകൾക്ക് കുറുകെയും പടിഞ്ഞാറ് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾ Coastal Regulation Zone Notification 2019 നു വിധേയമായും 20,000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കെട്ടിട നിർമാണ പദ്ധതികൾക്ക് State Environment Impact Assessment Authority (SEIAA) യുടെ മുൻകൂർ അനുമതി നേടിയതിനു ശേഷവും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ഒരു ജനറൽ ബോഡിയുടേയും പ്രോജക്റ്റ് ഇമ്പ്ലിമെന്റേഷൻ കമ്മിറ്റിയുടേയും രൂപീകരണം മാത്രമേ നടത്തിയിട്ടുള്ളൂ. |
| (ഡി) | എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കുടിയൊഴിപ്പിക്കുന്നവരെ എങ്ങനെ എവിടെ പുനരധിവസിപ്പിക്കുമെന്നു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കുഭാഗത്തു മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല, പച്ചാളം പ്രദേശം കായലുകൾക്ക് കുറുകെയും പടിഞ്ഞാറ് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾ Coastal Regulation Zone Notification 2019 നു വിധേയമായും 20,000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കെട്ടിട നിർമാണ പദ്ധതികൾക്ക് State Environment Impact Assessment Authority (SEIAA) യുടെ മുൻകൂർ അനുമതി നേടിയതിനു ശേഷവും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ഒരു ജനറൽ ബോഡിയുടേയും പ്രോജക്റ്റ് ഇമ്പ്ലിമെന്റേഷൻ കമ്മിറ്റിയുടേയും രൂപീകരണം മാത്രമേ നടത്തിയിട്ടുള്ളൂ. |
| (ഇ) | ഈ പദ്ധതി സർക്കാർ നേരിട്ടാണോ അതോ ഏതെങ്കിലും ഏജൻസി മുഖേനയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കുഭാഗത്തു മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല, പച്ചാളം പ്രദേശം കായലുകൾക്ക് കുറുകെയും പടിഞ്ഞാറ് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. പദ്ധതി പ്രദേശത്തെ പ്രവർത്തനങ്ങൾ Coastal Regulation Zone Notification 2019 നു വിധേയമായും 20,000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കെട്ടിട നിർമാണ പദ്ധതികൾക്ക് |

| | | | |
|---|---|---|---|
| | | | State Environment Impact Assessment Authority (SEIAA) യുടെ മുൻകൂർ അനുമതി നേടിയതിനു ശേഷവും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ഒരു ജനറൽ ബോഡിയുടേയും പ്രോജക്റ്റ് ഇമ്പ്ലിമെന്റേഷൻ കമ്മിറ്റിയുടേയും രൂപീകരണം മാത്രമേ നടത്തിയിട്ടുള്ളൂ. |
| (എഫ്) | കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുളവുകാട് പ്രദേശത്തെ എം.എൽ.എ.യുമായോ മറൈൻ ഡ്രൈവ്, വടുതല-പച്ചാളം പ്രദേശത്തെ എം.എൽ.എ.യുമായോ പ്രസ്‌തുത പ്രദേശത്തെ എം.പി.യുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | ബഹു: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 23.11.2021 ന 'കൊച്ചി നഗര സുസ്ഥിര വികസനം' എന്ന വിഷയത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ കിഫ്ബി സർക്കാറിന് 04.01.2022 ന് സമർപ്പിച്ച പ്രപ്പോസലിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളത്. (യോഗനടപടിക്കുറിപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

**കൊച്ചി നഗര സുസ്ഥിര വികസനം - ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 23.11.2021-ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് റൂമിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ- കരട്.**

യോഗം ഉച്ചതിരിഞ്ഞ് 03.30 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പദവി |
|---|---|---|
| 1 | ശ്രീ എം.വി ഗോവിന്ദൻ മാസ്റ്റർ | ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി |
| 2 | ശ്രീ.പി.രാജീവ് | ബഹു.വ്യവസായ വകുപ്പ് മന്ത്രി |
| 3 | ശ്രീ.റോഷി അഗസ്റ്റിൻ | ബഹു.ജല വിഭവ വകുപ്പ് മന്ത്രി |
| 4 | അഡ്വ.എം.അനിൽ കുമാർ | ബഹു.മേയർ, കൊച്ചി നഗരസഭ |
| 5 | ഡോ. വി.പി.ജോയ് | ചീഫ് സെക്രട്ടറി |
| 6 | ഡോ.കെ.എം.എബ്രഹാം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി |
| 7 | ഡോ. വേണു.വി | അഡീ.ചീഫ് സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ് |
| 8 | ശ്രീമതി ശാരദ മുരളീധരൻ | അഡീ.ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 9 | ശ്രീ.രാജേഷ് സിൻഹ | പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ് |
| 10 | ശ്രീ.പി.കെ.കേശവൻ | പി.സി.സി.എഫ് & എച്ച്.ഒ.എഫ്.എഫ് |
| 11 | ശ്രീ.വി.എസ് .അക്ബർ | പ്രസിഡന്റ്, മുളവുകാട് പഞ്ചായത്ത് |
| 12 | ശ്രീ.സുനിൽ പാമിഡി | ഡയറക്ടർ, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പ് |
| 13 | ശ്രീമതി.ലീമ മാനുവൽ | അഡിഷണൽ സെക്രട്ടറി, ജല വിഭവ വകുപ്പ്. |
| 14 | ശ്രീ.ജാഫർ മാലിക് | ജില്ല കളക്ടർ, എറണാകുളം |
| 15 | ഡോ.രേണു രാജ് | ഡയറക്ടർ, നഗര കാര്യ വകുപ്പ് |
| 16 | ശ്രീ. കൃഷ്ണതേജ | ഡയറക്ടർ, ടൂറിസം വകുപ്പ് |
| 17 | ശ്രീ. നിക്കോളാസ്.ഡി | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മുളവുകാട് പഞ്ചായത്ത് |
| 18 | ശ്രീ.അബ്ദുൽ മാലിക് | സെക്രട്ടറി, ജി സി ഡി എ |
| 19 | ശ്രീ.എസ്.ജെ വിജയദാസ് | പ്രിൻസിപ്പൽ കൺസൽട്ടൻറ്, കിഫ്ബി കൺസൾട്ടൻസി സർവീസസ് (സി.പി.ഇ , കിഫ്ബി) |

| | | |
|---|---|---|
| 20 | ശ്രീ.ബാജി ചന്ദ്രൻ | സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, എറണാകുളം |
| 21 | ശ്രീ.സുഭാസ് | ടൌൺ പ്ലാനർ, ജി.സി.ഡി.എ |
| 22 | ശ്രീമതി.എം.എം.ഷീബ | ടൌൺ പ്ലാനർ, ജി.ഐ.ഡി.എ |
| 23 | ശ്രീമതി.ജിനുമോൾ വർഗ്ഗീസ് | പ്രൊജക്റ്റ് ഡയറക്ടർ, ജി.ഐ.ഡി.എ |

കൊച്ചി നഗരത്തിന്റെ സുസ്ഥിര വികസനത്തിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ സവിശേഷതകൾ ബഹു. മുഖ്യമന്ത്രി ചർച്ചയുടെ ആമുഖമായി വിശദീകരിച്ചു. ദൈനംദിനം വളരുന്ന മെട്രോ നഗരമായ കൊച്ചിയുടെ ശാസ്ത്രീയമായ വികസനത്തിന് ഉതകുന്ന ഒരു പദ്ധതിയാണ് സർക്കാർ വിഭാവന ചെയ്യുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. പദ്ധതി സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രസക്ത വിവരങ്ങൾ അദ്ദേഹം വിവരിച്ചു.

- കൊച്ചി മറൈൻ ഡ്രൈവും അതിന്റെ പരിസര പ്രദേശങ്ങളായ മംഗളവനം, ക്വീൻസ് വേ, വടുതല, പച്ചാളം, മുളവുകാട് എന്നിവയാണ് പദ്ധതി പ്രദേശങ്ങൾ.
- ക്വീൻസ്‌വെ-യോട് സാമീപ്യമുള്ള പച്ചാളം, വടുതല, മുളവുകാട് എന്നി പ്രദേശങ്ങളിൽ വാട്ടർ ഫ്രണ്ട് വികസന മാതൃകയിൽ പദ്ധതി നടപ്പിലാക്കും.
- രണ്ട് കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം പദ്ധതിയുടെ ഭാഗമാകും.
- തീരത്തുനിന്നും 250 മീ ദൈർഘ്യമുള്ള ബഫ്ഫർ സോണിലും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കികൊണ്ട് ഉയരമുള്ള ബഹുനില മാതൃകയിലുള്ള കെട്ടിട നിർമ്മാണ രീതിയാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.
- പ്രദേശത്തെ ദ്വീപുകൾ അടക്കം 320 ഹെക്ടറിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള താമസക്കാരെ അതെ പ്രദേശത്തു തന്നെ മെച്ചപ്പെട്ട രീതിയിൽ പുനരധിവസിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.
- തീരത്ത് നടപ്പാതകൾ, സൈക്കിൾ പാതകൾ, ക്യാരിയേജ് വേ, സർവീസ് റോഡുകൾ തുടങ്ങിയവ ഉൾപ്പെടുന്ന മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുള്ള വികസന രീതി ഉറപ്പാക്കും.
- ഏകദേശം 119 ഹെക്ടർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ദ്വീപുകളെ പാരിസ്ഥിതിക സംരക്ഷണ മേഖലയായി വികസിപ്പിക്കും; ഇതിൽ കണ്ടൽ വനവത്കരണത്തോടൊപ്പം പരിമിതമായ രീതിയിൽ ടൂറിസം സൗകര്യങ്ങളും വികസിപ്പിക്കും.
- 2.74 ഹെക്ടർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന മംഗളവനം പക്ഷിസങ്കേതം വിപുലപ്പെടുത്തും.
- അന്താരാഷ്ട്ര മാതൃകകൾ സ്വീകരിച്ച് ജൈവ വൈവിധ്യ ഹബ്ബുകൾ വികസിപ്പിക്കും. ഇവ പാരിസ്ഥിതിക വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറും.
- അശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ തടയാനും അതോടൊപ്പം നഗരഹൃദയത്തിൽ വിശാലമായ 'പച്ച ശ്വാസകോശം' രൂപപ്പെടുത്താനും പദ്ധതി വിഭാവനം ചെയ്യുന്നു.
- ഇത്തരത്തിൽ സംസ്ഥാനത്തെ ആദ്യത്തെ 'സംയോജിത നഗര പരിസ്ഥിതി പുനരുജ്ജീവന വികസന പദ്ധതി' ആയി ഇത് മാറും.
- പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിനായി പരിസ്ഥിതി ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ ഒരു പരിസ്ഥിതി സംരക്ഷണ സമിതി രൂപീകരിക്കും. ഇതിൽ പരിസ്ഥിതി പ്രവർത്തകർ, ജൈവ

വൈവിധ്യ വിദഗ്ധർ, എൻ.ജി.ഒ-കൾ, പ്രദേശ വാസികളുടെ പ്രതിനിധികൾ, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്, ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ യുണിലിവർ ലിമിറ്റഡ്, ഇന്ത്യൻ റെയിൽവേ തുടങ്ങിയ ഏജൻസികൾ പങ്കാളികളാകും.

- പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ഒരു എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കും.
- കൊച്ചി മുൻസിപ്പൽ കോർപറേഷൻ, ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജിസിഡിഎ, ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി എന്നിവ എസ്.പി.വി-യുടെ ഭാഗമാകും.
- മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ആവശ്യം വരുന്ന അനുമതികൾ, രേഖകൾ ലഭ്യമാക്കൽ തുടങ്ങിയവ നോഡൽ ഏജൻസി നിർവഹിക്കും.

തുടർന്ന്, പദ്ധതിയുടെ വിശദമായ രൂപരേഖ അവതരിപ്പിക്കാൻ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

പ്രളയം പോലുള്ള കെടുതികൾ വന്നു ഭവിക്കുമ്പോൾ നമ്മുടെ നഗരങ്ങളുടെ ദുരന്ത പ്രതികരണ ശേഷി ഉറപ്പാക്കണമെന്ന ചിന്തയിൽ നിന്നാണ് ഇത്തരമൊരു പദ്ധതിയുടെ ആശയം ഉരിത്തിരിഞ്ഞതെന്ന് അദ്ദേഹം സദസ്സിനെ അറിയിച്ചു.

ലോകത്തിലെ പല പ്രധാന നഗരങ്ങളും ആസൂത്രിതമായ വികസന രീതി അവലംബിക്കുന്ന നിലയിലേക്ക് മാറിക്കഴിഞ്ഞു. അത്തരത്തിൽ, ഇന്ത്യയിൽ തന്നെ ഡൽഹി, ചണ്ഡീഗഢ്, ഗാന്ധിനഗർ തുടങ്ങിയ സ്ഥലങ്ങൾ സ്വീകരിച്ച ആസൂത്രിത വികസന മാതൃക നമ്മുടെ സംസ്ഥാനം ഒരിടത്തും പ്രാവർത്തികമാക്കിയിട്ടില്ല. ഈ ഒരു ന്യൂനത കാലാവസ്ഥ വ്യതിയാനങ്ങൾക്കെതിരെയും മറ്റും ഉള്ള നമ്മുടെ നാടിന്റെ പ്രതിരോധ ശേഷിയിൽ വിള്ളൽ വരുത്താൻ കാരണമായി. ഇത് മറികടക്കാൻ മികച്ച രീതിയിലുള്ള റോഡുകൾ, തെരുവോരങ്ങൾ, സമ്മിശ്രവും നിയന്ത്രിതവുമായ ഭൂവിനിയോഗം എന്നീ മുഖ്യ ഘടകങ്ങൾ ഉൾപ്പെടുന്ന സുസ്ഥിര വികസന പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. 30 ശതമാനം വെള്ളത്താൽ ചുറ്റപ്പെട്ട കൊച്ചിയിൽ തന്നെ ഈ പ്രൊജക്റ്റ് നടപ്പിലാക്കാൻ പദ്ധതിയിട്ടതും ഇതേ കാരണത്താലാണ്; മറ്റൊന്ന് കൊച്ചിയുടെ വാണിജ്യപരമായ പ്രസക്തിയാണ്. കൊച്ചി പോലെ ഇത്രയും ജനസാന്ദ്രത ഉള്ള ഒരു പട്ടണത്തിൽ ഇത്തരം ബൃഹത്തായ ഒരു പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ, അത് സംസ്ഥാനത്തെ വളർന്നു വരുന്ന മറ്റു പട്ടണങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉതകുന്ന ഒരു മാതൃകാ പദ്ധതി ആയിമാറും എന്നതിൽ സംശയമില്ല. ഇതിനായുള്ള എസ്.പി.വി സർക്കാർ അധീനതയിലാണോ സിയാൽ (CIAL) മാതൃകയിലോ രൂപീകരിക്കേണ്ടത് എന്ന കാര്യം പരിശോധിക്കാവുന്നതാണ്. പരിസ്ഥിതിക്ക് ഒട്ടും തന്നെ കോട്ടം തട്ടാതെയുള്ള രീതിയിലാണ് ഈ പ്രൊജക്റ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്ന വസ്തുത എടുത്തുപറയേണ്ടതാണ്. കൂടാതെ താഴെത്തട്ടിൽ ഉള്ള പഞ്ചായത്ത് മുതൽ ഭരണസിരാകേന്ദ്രം വരെയും അതിനിടയിൽ ഉൾപ്പെടുന്നവരും തമ്മിലുള്ള ഏകോപന പാടവം കാഴ്ചവെക്കേണ്ട ഒരു മാതൃകയും ഈ പദ്ധതി പിൻതുടരേണ്ടതുണ്ട്.

പദ്ധതി പ്രദേശത്തെ പറ്റിയും വികസന മാതൃകയെ പറ്റിയുമുള്ള വിശദവിവരങ്ങൾ കിഫ്ബിയുടെ കൺസൾട്ടൻസി സർവീസസിന്റെ പ്രിൻസിപ്പൽ കൺസൾറ്റന്റ് തുടർന്ന് അവതരിപ്പിച്ചു.

പദ്ധതി പ്രദേശത്തെ അടിസ്ഥാനമാക്കി ശാസ്ത്രീയമായി നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ അദ്ദേഹം അവതരിപ്പിച്ചു. ഒരു വികസിത നഗരത്തെ പ്രതിനിധാനം ചെയ്യുന്ന നിർമാണ രീതികൾ കൊച്ചി പിന്തുടരുന്നില്ല എന്നത് തുടക്കപഠനത്തിൽ വ്യക്തമായതായി അദ്ദേഹം അറിയിച്ചു. മറൈൻ ഡ്രൈവ് പോലെ വികസിത പ്രദേശങ്ങൾക്ക് വളരെ അടുത്തായിരുന്നിട്ടും മുളവുകാട് പോലെയുള്ള പ്രദേശങ്ങൾ ഇന്നും താരതമ്യേന പിന്നാക്കം നിൽക്കുന്ന അവസ്ഥയാണുള്ളത്. കണക്റ്റിവിറ്റിയുടെ അഭാവം മൂലം പിന്നാക്കാവസ്ഥയിലേക്ക് തള്ളി നീക്കപ്പെട്ട മുളവുകാട് പോലുള്ള പ്രദേശങ്ങളെ വടുതലയുമായി കര മാർഗ്ഗം ബന്ധിപ്പിക്കാൻ ശ്രദ്ധേയബിംബമായ ഒരു പാലം ഈ പദ്ധതി ആസൂത്രണം ചെയ്യുന്നു. മൊത്തം പദ്ധതി പ്രദേശമായ 510 ഹെക്ടർ ഭൂമിയിൽ 118 ഹെക്ടറോളം കണ്ടൽ വനങ്ങൾ പുനരുജ്ജീവിപ്പിക്കാനും പദ്ധതി വിഭാന ചെയ്യുന്നു. മംഗളവനം മേഖലയിൽ വളരെ നിയന്ത്രിതമായ പ്രവർത്തനങ്ങളോടെ സംരക്ഷിച്ചു പോകുന്ന രീതിയാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.

**പദ്ധതി ആവിഷ്കാരം:**

ഡി.ടി.പി സ്കീം മാതൃകയിൽ 5 ഘട്ടങ്ങളായുള്ള വികസന രീതിയാണ് പദ്ധതി പ്രദേശത്ത്

ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ക്വീൻസ് വേയിൽ തുടങ്ങി കണ്ടെയ്നർ റെയിൽ വരെയുള്ള 100 ഏക്കർ പ്രദേശമാണ് ഇതിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നത്. ഭൂമിയുടെ ഏറിയ പങ്കും ഈ പ്രദേശത്ത് ഉപയോഗിച്ചിരിക്കുന്നത് ചിതറിയ മാതൃകയിലുള്ള പാർപ്പിടങ്ങൾക്കായാണെന്നും ഇവയിൽ ഏകദേശം ആയിരത്തോളം കുടുംബങ്ങൾ അധിവസിച്ചു വരുന്നതായും വ്യക്തമായി. ഇത്തരം ഭൂമി അവരുടെ പക്കൽ നിന്നും നഷ്ടപരിഹാരം നൽകി ഏറ്റെടുത്തുകൊണ്ട് പദ്ധതി പ്രദേശത്തു തന്നെ ഉയരമുള്ള ബഹുനില പാർപ്പിട സമുച്ചയങ്ങളിൽ ഇവരെ പുനരധിവസിപ്പിക്കാനും അതുവഴി പദ്ധതി വിഭാവന ചെയ്യുന്ന വികസനത്തിന്റെ കൂടി ഉപഭോക്താക്കളായി ഇവരെ നിലനിർത്തുന്ന അന്താരാഷ്ട്ര മാതൃക പിന്തുടരാനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഈ കെട്ടിട സമുച്ചയത്തിലെ തന്നെ ബാക്കി വരുന്ന ഭാഗങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കും മറ്റുമായും ഉപയോഗപ്പെടുത്താൻ തീരുമാനിക്കാവുന്നതാണ്. മതസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങൾ ഒഴിവാക്കിയാകും ഈ പദ്ധതി നടപ്പിലാക്കുക.

ശേഷം, ചർച്ചയുടെ ഭാഗമായി കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പദ്ധതിയുടെ ഫിനാൻഷ്യൽ മോഡൽ അവതരിപ്പിച്ചു.

- ഭൂമി ഏറ്റെടുക്കലിനായുള്ള 1007 കോടി രൂപ കിഫ്ബിയിൽ നിന്നോ ബാങ്കിൽ നിന്ന് ടേം ലോൺ വ്യവസ്ഥയിലോ എടുക്കാവുന്നതാണ്.

- 5610 കോടിയുടെ മൊത്തം വികസന പാക്കേജ് 1870 കോടി വീതമുള്ള മൂന്ന് ഘട്ടങ്ങളിൽ ആണ് പദ്ധതിയിട്ടിരിക്കുന്നത്. ഓരോ സ്റ്റേജിലെയും 80 ശതമാനം ഫണ്ടിംഗ് വരെ ഏറ്റെടുത്ത ഭൂമി സെക്യൂരിറ്റൈസ് ചെയ്തു കൊണ്ട് എളുപ്പത്തിൽ മൂലധനം കണ്ടെത്താവുന്നതാണ്. ബാക്കി 20 % ഫണ്ട് കിഫ്ബിയിൽ നിന്നും ലോൺ വ്യവസ്ഥയിൽ സ്വായത്തമാക്കാവുന്നതാണ്.

- പദ്ധതിയുടെ പ്രാഥമിക നടപടിയായി എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും പ്രാതിനിധ്യം ഉറപ്പാക്കുന്ന ഒരു എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപപ്പെടുത്തേണ്ടതുണ്ട്.

- 100 ശതമാനം സർക്കാർ ഉടമസ്ഥതയിൽ ഉള്ള ഒരു സ്ഥാപനമായോ അല്ലെങ്കിൽ എഫ്.ഡി.ഐ കൂടി ഉപയോഗിക്കത്തക്ക വിധത്തിൽ സ്വകാര്യ പ്രാതിനിധ്യം കൂടി ഉറപ്പാക്കുന്ന രീതിയിലോ എസ്.പി.വി-യുടെ ഘടന നിർണ്ണയിക്കാവുന്നതാണ്.

- ഇതുകൂടാതെ, ബഹു മുഖ്യമന്ത്രി അധ്യക്ഷനായ ഒരു ജനറൽ ബോഡി-യിൽ പഞ്ചായത്ത് പ്രസിഡന്റ് മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വരെ അംഗങ്ങൾ ആയി ഉണ്ടാകും. എസ്.പി.വി-യുടെ സി.ഇ.ഒ-യും ജനറൽ ബോഡിയിൽ അംഗമാകും

- തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായും എറണാകുളം ജില്ലാ കളക്ടർ കൺവീനറും ആയ ഒരു പ്രൊജക്റ്റ് ഇമ്പ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യൂ) പദ്ധതി നടത്തിപ്പിന്റെ ചുക്കാൻ പിടിക്കും.

- ഓരോ ഘട്ടത്തിൽ(Phase)നിന്നും ഏകദേശം 1000 കോടി രൂപ അധിക വരുമാനമായി ലഭിക്കുമെന്ന് കണക്കുകളെ അടിസ്ഥാനമാക്കികൊണ്ടു അദ്ദേഹം പറഞ്ഞു. ഇതും പ്രദേശത്തിന്റെ മൊത്ത വികസനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

പദ്ധതിയുടെ അവതരണത്തിന് ശേഷം യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ അറിയിക്കാൻ ബഹു: മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

മംഗളവനത്തിനോട് ചേർന്നുള്ള റെയിൽവേ ഭൂമിയും ചുറ്റുപാടും ഒരു ഹെറിറ്റേജ് സെന്റർ ആയി വികസിപ്പിക്കുന്നത് പരിശോധിക്കണമെന്നു വ്യവസായ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. കൂടാതെ പുനരധിവാസത്തിന്റെ ചിലവുകൾ കൂടി വിലയിരുത്തിക്കൊണ്ട് കോമ്പൻസേഷൻ തുകയായി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഒരു സെന്റിന് 10 ലക്ഷം രൂപ എന്നത് പുനഃപരിശോധിക്കണമെന്ന് കൂടി അദ്ദേഹം നിർദ്ദേശം വച്ചു.

കൊച്ചിയുടെ സുസ്ഥിര വികസന പദ്ധതിയുടെ കരട് രേഖയെ സർവാത്മനാ സ്വാഗതം ചെയ്യുന്നതായി ബഹു.ജലവിഭവ വകുപ്പ് മന്ത്രി അറിയിച്ചു.

പദ്ധതി നടത്തിപ്പിൽ കൊച്ചി കോർപറേഷന്റെ പരിപൂർണ്ണ പിന്തുണ മേയർ വാഗ്ദാനം ചെയ്തു. ഇപ്പൊൾ പദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്ന വടുതല, ചിറ്റൂർ മേഖലകൾ കൂടാതെ ഇടപ്പള്ളി പ്രദേശം

കൂടി പദ്ധതിയുടെ ഭാഗമാക്കാൻ ഉള്ള സാദ്ധ്യതകൾ പരിശോധിക്കണമെന്നു കൊച്ചി മേയർ അഭിപ്രായപ്പെട്ടു.

മുളവുകാടിനും കൊച്ചിക്കും ഇടയിലായി സ്ഥിതി ചെയ്യുന്ന താന്തോന്നി തുരുത്ത്-നെ കൂടി നിർദിഷ്ട ടൂറിസം മാപ്പിന്റെ ഭാഗമാക്കിയാൽ അത് ആ സ്ഥലത്തെ പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തിൽ മാറ്റം കൊണ്ട് വരാൻ ഉതകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പൊതുജനങ്ങളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ടു പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലുകൾ വഴി ഭൂമി ഏറ്റെടുക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തണമെന്നും അത് പദ്ധതി ചിലവ് കാര്യമായി കുറക്കുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ഗോശ്രീ-മാമംഗലം റോഡ് തുടർവികസനം കൂടി ഈ പദ്ധതിയുടെ ഭാഗമാക്കണമെന്ന് മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടു. മുളവുകാട് പഞ്ചായത്തിനെക്കൂടി പദ്ധതിയുടെ ഭാഗമാക്കിയതിൽ നന്ദി അറിയിക്കുന്നതായി പ്രസിഡണ്ട് പറഞ്ഞു. മുളവുകാട് പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇതിനോട് യോജിച്ചുള്ള അഭിപ്രായമാണ് രേഖപ്പെടുത്തിയത്.

കാലാവസ്ഥാ വ്യതിയാനവും കടലിലെ ജല നിരപ്പിലെ വർധനവും കൂടി കണക്കിലെടുത്ത് ഭാവി യിൽ വരാനിരിക്കുന്ന അപകട സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുള്ള ഒരു മോഡൽ ആവിഷ്കരിക്കുന്നതാകും ഉചിതമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പദ്ധതി നടത്തിപ്പിലേക്ക് വരുമ്പോൾ ജനറൽ ബോഡി-യും പി.ഐ.യു -വും കൂടാതെ വിദഗ്ദ്ധരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും സർക്കാർ അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും സെക്രട്ടറി നിർദ്ദേശിച്ചു. ഭേദഗതി വരുത്തിയ ടൌൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഡി.ടി.പി സ്കീം-നു പകരം സ്പെഷ്യൽ ഏരിയ പ്ലാൻ ആയിരിക്കും ഉത്തമം എന്നും അവർ അഭിപ്രായപ്പെട്ടു.

മേൽപ്രകാരം ഉരിത്തിരിഞ്ഞ നിർദ്ദേശങ്ങൾ യോഗത്തിൽ ചർച്ചയാവുകയും ഘട്ടം ഘട്ടമായി നടപ്പാക്കുന്ന രീതിയാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ തന്നെ ഈ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണെന്നും കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തെ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പഞ്ചായത്ത് അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്താവുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

പദ്ധതിയോടു പരിപൂർണ്ണ യോജിപ്പാണ് യോഗത്തിന്റെ ഭാഗമായ എല്ലാ പേരിൽ നിന്നും ഉണ്ടാകുന്നത് എന്ന വസ്തുത കണക്കിലെടുത്തു വേഗത്തിൽ പദ്ധതി ആരംഭിക്കുന്നതിനെപ്പറ്റി ചിന്തിക്കാമെന്ന് ബഹു. മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു.

**തീരുമാനങ്ങൾ :**

1. പദ്ധതിയുമായി മുൻപോട്ടുപോകാൻ യോഗം തീരുമാനിച്ചു. പദ്ധതി ഘട്ടം ഘട്ടം ആയി നടപ്പാക്കും. ഇത് സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കും.
2. കാലാവസ്ഥാ വ്യതിയാനവും കടലിലെ ജല നിരപ്പിലെ വർധനവും കൂടി കണക്കിലെടുത്ത് ഭാവി യിൽ വരാനിരിക്കുന്ന അപകട സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുള്ള ഒരു മോഡൽ ആയിരിക്കണം ആവിഷ്കരിക്കേണ്ടത്.
3. ഭേദഗതി വരുത്തിയ ടൌൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഉള്ള ഡി.ടി.പി സ്കീം-നു പകരം സ്പെഷ്യൽ ഏരിയ പ്ലാൻ ആയിരിക്കുമോ ഉത്തമം എന്ന് പരിശോധിക്കേണ്ടതാണ്.
4. പുനരധിവാസത്തിന്റെ ചിലവുകൾ കൂടി വിലയിരുത്തിക്കൊണ്ട് കോമ്പൻസേഷൻ തുകയായി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഒരു സെന്റിന് 10 ലക്ഷം രൂപ എന്നത് പുനഃപരിശോധിക്കുന്നതാണ്.
5. കിഫ്ബി അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ഭൂമി ഏറ്റെടുക്കലിനായി ഫണ്ട് കണ്ടെത്തുകയും ഏറ്റെടുത്ത ഭൂമി സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് പദ്ധതി മൂലധനം കണ്ടെത്തുകയും, 100 % സർക്കാർ ഉടമസ്ഥതയിലോ, CIAL മാതൃകയിലോ , FDI കൂടി ഉപയോഗിക്കത്തക്ക വിധത്തിൽ സ്വകാര്യ പങ്കാളിത്തം കൂടി ഉറപ്പാക്കി SPV രൂപകൽപ്പന നടത്തി

പദ്ധതി നടപ്പാക്കാനുള്ള ഫിനാൻഷ്യൽ മോഡലുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു.

6. ബഹു മുഖ്യമന്ത്രി അധ്യക്ഷനായ ഒരു ജനറൽ ബോഡി-യിൽ പഞ്ചായത്ത് പ്രസിഡന്റ് മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വരെ അംഗങ്ങൾ ആയി ഉണ്ടാകും. എസ്.പി.വി-യുടെ സി.ഇ.ഒ-യും ജനറൽ ബോഡിയിൽ അംഗമാകും. ജനറൽ ബോഡി-യും പി.ഐ.യു -വും കൂടാതെ വിദഗ്ദ്ധരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കും.

7. ഇപ്പോൾ പദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്ന വടുതല, ചിറ്റൂർ മേഖലകൾ കൂടാതെ ഇടപ്പള്ളി പ്രദേശം കൂടി പദ്ധതിയുടെ ഭാഗമാക്കാൻ ഉള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

8. പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായവും ഉപദേശവും നൽകുവാൻ കിഫ്ബിയുടെ കൺസൾട്ടൻസി സർവീസസ് യൂണിറ്റിനെ ചുമതലപ്പെടുത്തി .

9. പൊതുജനങ്ങളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ടു പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലുകൾ വഴി ഭൂമി ഏറ്റെടുക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു .

10. പ്രൊജക്റ്റ് നടത്തിപ്പിന്റെ ചുമതല ജില്ലാ കളക്ടർക്കു ആയിരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ടം വഹിക്കും.

യോഗം 4.30-ന് അവസാനിച്ചു.

28/12/21

പിണറായി വിജയൻ
മുഖ്യമന്ത്രി

1015